പതിനാലാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3128 07/11/2019 ലെ മറുപടി

**സർക്കാർ/എയ്ഡഡ് മേഖലയിലെ അധ്യാപകരുടെ എണ്ണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. ജോയി | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ എത്ര അധ്യാപകർ സേവനം അനുഷ്ഠിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(എ) 2019-20 അദ്ധ്യയന വർഷത്തെ അധ്യാപകരുടെ എണ്ണം സംബന്ധിച്ച നിലവിലെ കണക്കുകൾ പ്രകാരം, പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന പ്രൈമറിതലം മുതൽ ഹൈസ്കൂൾ തലം വരെയുള്ള സർക്കാർ സ്കൂളുകളിലായി ആകെ 49,742 അധ്യാപകരും എയ്ഡഡ് സ്കൂളുകളിലായി ആകെ 86,259 അധ്യാപകരും സേവനം അനുഷ്ഠിക്കുന്നുണ്ട്.

ഹയർ സെക്കന്ററി വിഭാഗത്തിന് കീഴിൽ സർക്കാർ മേഖലയിൽ 13017 അധ്യാപകരും എയ്ഡഡ് മേഖലയിൽ 15150 അധ്യാപകരും സേവനം അനുഷ്ഠിച്ച വരുന്നു

വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ സർക്കാർ മേഖലയിൽ 1871 അദ്ധ്യാപകരും എയ്ഡഡ് മേഖലയിൽ 1263 അദ്ധ്യാപകരും സേവനം അനുഷ്ഠിക്കുന്നുണ്ട്.

(ബി) സർക്കാർ സ്കൂളുകളിൽ എത്ര അധ്യാപകരുടെ ഒഴിവ് നിലവിലുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

(ബി) 2019-20 അദ്ധ്യയന വർഷത്തിലെ അധ്യാപകരുടെ ഒഴിവുകൾ സംബന്ധിച്ച നിലവിലെ കണക്കുകൾ പ്രകാരം പ്രൈമറി തലം ഹൈസ്കൂൾ തലം വരെയുള്ള സർക്കാർ സ്കൂളുകളിൽ നിലവിലുള്ള അധ്യാപകരുടെ ഒഴിവ് ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | അധ്യാപകരുടെ ഒഴിവുകൾ |
|---|---|
| തിരുവനന്തപുരം | 746 |
| കൊല്ലം | 522 |
| പത്തനംതിട്ട | 77 |
| ആലപ്പുഴ | 270 |
| കോട്ടയം | 54 |
| ഇടുക്കി | 99 |
| എറണാകുളം | 257 |
| തൃശ്ശൂർ | 295 |

| | |
|---|---|
| പാലക്കാട് | 310 |
| മലപ്പുറം | 787 |
| കോഴിക്കോട് | 798 |
| വയനാട് | 841 |
| കണ്ണൂർ | 280 |
| കാസറഗോഡ് | 319 |
| ആകെ | 5655 |

ഹയർ സെക്കന്ററി അദ്ധ്യാപകരുടെ നിയമനം സംസ്ഥാന തലത്തിലാണ്. സംസ്ഥാനതലത്തിൽ HSST തസ്തികയിൽ 520 ഒഴിവുകളും HSST Jr തസ്തികയിൽ 1296 ഒഴിവുകളും നിലവിലുണ്ട്. ആയത് തസ്തികമാറ്റ നിയമനത്തിനും നേരിട്ടുള്ള നിയമനത്തിനുമായി PSC ലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സീനിയർ തസ്തികയിലെ ഒഴിവുകൾ യോഗ്യരായ ജൂനിയർ അദ്ധ്യാപകരുടെ തസ്തികമാറ്റ നിയമന ത്തിനായി മാറ്റിവെക്കപ്പെട്ടവയാണ്.

വൊക്കേഷണൽ വിഭാഗത്തിൽ പൊതു സ്ഥലമാറ്റം നടക്കുന്നതിനാൽ കൃത്യമായ ഒഴിവുകളുടെ എണ്ണം ഇപ്പോൾ കണക്കാക്കാൻ സാധിക്കുന്നില്ല. സ്ഥലമാറ്റം പൂർത്തിയാവുന്ന മുറയ്ക്ക് ഒഴുവുകളുടെ എണ്ണം കണക്കാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ